# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 623

12.06.2012-ൽ
മറുപടിക്ക്.

## അതിവേഗ റെയിൽപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽപാതയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം -കാസർഗോഡ് അതിവേഗ റെയിൽ പാതയുടെ നടത്തിപ്പിനായി സർക്കാർ ഉടമസ്ഥയിൽ കേരളാ ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യാറാക്കി വരുന്നു. ഇതിനോടൊപ്പം ഈ പദ്ധതിക്കാവശ്യമായ അനുമതിനേടുന്നതിനുളള പ്രവർത്തനവും നടത്തിവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;<br>(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിന്റെയും റെയിൽവേയുടെയും പങ്കാളിത്തം ഏത് രീതിയിലാണെന്നറിയിക്കാമോ.? | (ബി) & (സി) ഇല്ല. സാധ്യതാപഠന റിപ്പോർട്ട് റെയിൽവേ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ